(ബി) ഇല്ല.

(സി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

നാഷണൽ ഗെയിംസിൽ പങ്കെടുക്കുന്ന കേരള കായിക താരങ്ങൾക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാൻ നടപടി

235 (685) ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 ഫെബ്രുവരിയിൽ ജാർഖണ്ഡിൽ വച്ചു നടക്കുന്ന നാഷണൽ ഗെയിംസിൽ കേരളാ ടീമിൽ ആകെ എത്രപേർ പങ്കെടുക്കുന്നുണ്ടെന്നും ഏതൊക്കെ ഗെയിംസ് ഇനത്തിലും അത്ലറ്റിക്സിൽ ഏതൊക്കെ ഇനത്തിലുമാണ് പങ്കെടുക്കുന്നതെന്നും വിശദമാക്കുമോ ;

(ബി) കേരളാ ടീമിലെ അത്ലറ്റിക് ടീമിലും വിവിധ ഗെയിംസ് ഇനം ടീമിലും പങ്കെടുക്കുന്ന സ്ത്രീകളുടെയും പുരുഷൻമാരുടെയും ഓരോ ടീമിനോടൊപ്പം പോകുന്ന കോച്ചുകളുടെയും മാനേജർമാരുടെയും പേരുകൾ ടീം, ഇനം എന്നിവ തിരിച്ച് പ്രത്യേകം പ്രത്യേകം വിശദമാക്കുമോ ;

(സി) പ്രസ്തുത നാഷണൽ ഗെയിംസിൽ പങ്കെടുക്കുന്ന വിവിധ ടീമുകളുടെയും അത്ലറ്റിക് ടീമിന്റെയും കോച്ചിംഗ് ക്യാമ്പ് തുടങ്ങിയിട്ടുണ്ടോ ; എങ്കിൽ എവിടെ തുടങ്ങിയെന്നും എന്നുമുതൽ തുടങ്ങിയെന്നും ഇല്ലെങ്കിൽ കാരണം എന്താണെന്നും വെളിപ്പെടുത്തുമോ ;

(ഡി) നാഷണൽ ഗെയിംസിൽ പങ്കെടുക്കുന്ന വിവിധ ടീമുകൾക്ക് ജാർഖണ്ഡിലേക്കും അവിടെനിന്ന് തിരിച്ചും ഉള്ള ട്രെയിൻ റിസർവേഷൻ നാളിതുവരെ അധികാരികൾ നടത്തിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; റിസർവേഷൻ എല്ലാ ടീമിനും ഉണ്ടെങ്കിൽ എന്നാണ് ടീം പുറപ്പെടുന്നതെന്ന് എന്നും ഏതു ട്രെയിനിലാണ്, ഏത് കമ്പാർട്ടുമെന്റിലാണ് റിസർവേഷൻ ഉള്ളത് എന്നും വിശദമാക്കുമോ ;

(ഇ) നാഷണൽ ഗെയിംസിൽ പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും ട്രെയിനിൽ പ്രത്യേക ബോഗി അനുവദിക്കുവാൻ റെയിൽ മന്ത്രാലയവുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ ;

(എഫ്) കേരളാ ടീമിലെ അംഗങ്ങൾ ട്രെയിനിൽ റിസർവേഷൻ ഇല്ലാതെ, അൺറിസർവ്ഡ് കമ്പാർട്ടുമെന്റിൽ വളരെദൂരം യാത്രചെയ്ത് മത്സരങ്ങളിൽ പങ്കെടുക്കുന്നതിനാൽ ഇവർക്ക് യഥാർത്ഥ പെർഫോമൻസ് സ്പോർട്സ്/ഗെയിംസിൽ കാഴ്ചവയ്ക്കാൻ സാധിക്കാതെ വരുന്നകാര്യം പരിഗണിച്ച്, ഇവർക്ക് ബുദ്ധിമുട്ടില്ലാതെ ജാർഖണ്ഡിൽ എത്തി നല്ല രീതിയിൽ കായികനിലവാരം പ്രകടിപ്പിക്കാൻ എന്തൊക്കെ നടപടികൾ ഉടൻ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ബന്ധപ്പെട്ട സ്പോർട്ട്സ് അസോസിയേഷനുകളാണ് ടീമംഗങ്ങളെയും കോച്ചുകളെയും മാനേജർമാരെയും നിശ്ചയിക്കുന്നത്. പ്രസ്തുത അസോസിയേഷനുകൾ ലഭ്യമാക്കിയ ലിസ്റ്റ് അനുബന്ധം 1-ആയി ചേർത്തിരിക്കുന്നു.*

(സി) പരിശീലന ക്യാമ്പുകൾ ആരംഭിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം 2-ആയി ചേർത്തിരിക്കുന്നു.*

(ഡി) അതാത് അസോസിയേഷനുകൾ മുഖേനയാണ് യാത്രയ്ക്കുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുള്ളത്. ഇതിനാവശ്യമായ ധനസഹായം സംസ്ഥാന സ്പോർട്സ് കൗൺസിൽ നൽകിയിട്ടുണ്ട്.

(ഇ) ആവശ്യമാണെന്നുകാണുന്ന പക്ഷം നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ബന്ധപ്പെട്ട അസോസിയേഷനുകൾമുഖേനയാണ് യാത്രയ്ക്കുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുള്ളത്. ഇതിനുള്ള നിർദ്ദേശം അസോസിയേഷനുകൾക്ക് നൽകുകയും ആവശ്യമായ ധനസഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

കൊച്ചി മെട്രോ റെയിൽ പദ്ധതി

236 (686) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതിവിവരം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് അനുമതി ലഭ്യമായോ ;

(സി) ഈ ഗവൺമെന്റിന്റെ കാലത്തെ, പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി നടത്തിപ്പ് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) കൊച്ചി മെട്രോ റെയിൽ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. എന്നാൽതന്നെയും പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുമായി സംസ്ഥാന സർക്കാർ മുന്നോട്ടുപോകുകയാണ്. പ്രാരംഭ ചെലവുകൾക്കായി 158.68 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിനോടകം 30 കോടി രൂപ സംസ്ഥാന സർക്കാർ അനുവദിച്ചുകഴിഞ്ഞു. ഡി.എം.ആർ.സി.-യുടെ മേൽനോട്ടത്തിൽ പ്രസ്തുത പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ സ്ഥലമെടുപ്പ് നടപടികൾക്കായുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly